Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2018/1562 (9) തീയതി : 26.03.2018

## സർക്കുലർ

**വിഷയം:- കൈറ്റ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - ലിറ്റിൽ കൈറ്റ്സ് - കൈറ്റ് മാസ്റ്റേഴ്സ്/മിസ്ട്രസ്സുമാർക്കുള്ള പരിശീലനം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:
1. സർക്കാർ ഉത്തരവ് (സാധാ)നം.361/2018 പൊ.വി.വ. തിയതി 20.01.2018
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.03.2018-ലെ എൻ.ഇ.പി/ 63676/2018/ഡി.പി.ഐ നമ്പർ സർക്കുലർ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ യൂണിറ്റ് ചുമതല വഹിക്കുന്ന അധ്യാപകർക്കുള്ള (കൈറ്റ് മാസ്റ്റേഴ്സ്, മിസ്ട്രസ്സുമാർ) പ്രത്യേക പരിശീലനം നൽകുന്നതിന് സൂചനപ്രകാരം 2 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പരിശീലനം സമയബന്ധിതമായി പൂർത്തിയാക്കുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

- കൈറ്റ് മാസ്റ്റേഴ്സ്, മിസ്ട്രസ്സുമാർക്കുള്ള പരിശീലന മൊഡ്യൂൾ പരിചയപ്പെടുത്തുന്നതിനുള്ള ഏകദിന ഡി.ആർ.ജി. പരിശീലനം കൈറ്റ് ജില്ലാകേന്ദ്രങ്ങളിൽവച്ച് ഏപ്രിൽ 3 -നകം സംഘടിപ്പിക്കേണ്ടതാണ്.
- ഡി.ആർ.ജി. പരിശീലനത്തിൽ ആർ.പി.മാരായി 'ലിറ്റിൽ കൈറ്റ്' പ്രവർത്തനങ്ങളെക്കുറിച്ചും മൊഡ്യൂൾ കൃത്യമായി ഡി.ആർ.ജിമാർക്ക് വിനിമയം ചെയ്യാൻ കഴിയുന്നവരുമായ രണ്ടു എം.ടി.മാരെ ചുമതലപ്പെടുത്തേണ്ടതാണ്.
- ജില്ലയിൽ പരിശീലനം നൽകേണ്ട ആകെ കൈറ്റ് മാസ്റ്റേഴ്സ്/മിസ്ട്രസ്സിന്റെ എണ്ണത്തിന് അനുസരിച്ചാണ് ഡി.ആർ.ജി പരിശീലനം ക്രമീകരിക്കേണ്ടത്. ഇതിന്റെ ഷെഡ്യൂൾ തയ്യാറാക്കി ജില്ലാകോർഡിനേറ്റർമാർ ഏപ്രിൽ 27-നകം കൈറ്റിലേക്ക് സമർപ്പിക്കേണ്ടതാണ്.
- 'ലിറ്റിൽ കൈറ്റ്' മാസ്റ്റേഴ്സിനുള്ള പരിശീലനം ഡി.ആർ.ജി പരിശീലനത്തിൽ പങ്കെടുത്ത മാസ്റ്റർട്രെയിനർമാരാണ് നടത്തേണ്ടത്. ജില്ലയിലെ എല്ലാ പരിശീലന കേന്ദ്രങ്ങളിലേക്കും മാസ്റ്റർട്രെയിനർമാരെ നിയോഗിക്കുന്നതിന് എണ്ണം തികയാതെ വന്നാൽ മാസ്റ്റർട്രെയിനർമാരെപ്പോലെ പ്രവർത്തിക്കാൻ കഴിയുന്ന അധ്യാപകരെ മാത്രമേ പരിശീലകരായി നിയോഗിക്കാവൂ.
- ജില്ലയിൽ കൂടുതൽ പരിശീലനകേന്ദ്രങ്ങൾ ആവശ്യമായി വരുന്നുണ്ടെങ്കിൽ 'ഹായ്സ്കൂൾ കുട്ടിക്കൂട്ടം' പരിശീലനത്തിൽ പരിശീലകരായ എസ്.ഐ.ടി.സി.മാരെയും പരിശീലകരായി നിയോഗിക്കാവുന്നതാണ്.
- ജില്ലയിലെ കൈറ്റ് മാസ്റ്റേഴ്സ്, മിസ്ട്രസ്സുമാർക്കുള്ള ദ്വിദിന അടിസ്ഥാന പരിശീലനം ഏപ്രിൽ 3 നും 5 നും ഇടയിലായി വിദ്യാഭ്യാസ ജില്ലാതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.
- പരിശീലനത്തിൽ പങ്കെടുക്കുന്ന ഒരാൾക്ക് ഒരു കമ്പ്യൂട്ടർ എന്ന മാനദണ്ഡത്തിൽ പരിശീലനകേന്ദ്രങ്ങളിൽ കമ്പ്യൂട്ടറുകൾ സജ്ജീകരിക്കേണ്ടതാണ്.

- പരിശീലനത്തിനുള്ള മൊഡ്യൂൾ, റിസോഴ്സ് എന്നിവ മാർച്ച് 27-നകം എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും ലഭ്യമാക്കുന്നതാണ്. പ്രസ്തുത മൊഡ്യൂൾ, റിസോഴ്സ് ഉപയോഗിച്ചാണ് ഡി.ആർ.ജി പരിശീലനവും കൈറ്റ് മാസ്റ്റേഴ്സ്, മിസ്ട്രസ്സുമാർക്കുള്ള പരിശീലനവും ക്രമീകരിക്കേണ്ടത്.

- പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ ട്രെയിനിങ് മാനേജ്മെന്റ് സംവിധാനത്തിൽ പരിശീലകർ രേഖപ്പെടുത്തേണ്ടതാണ്.

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച
സ്കൂളിലെ പ്രഥമാധ്യാപകർക്കും (കൈറ്റ് ജില്ലാകോർഡിനേറ്റർ മുഖേന)
അക്കാഡമിക് വിഭാഗം/അക്കൗണ്ട്സ് വിഭാഗം, കൈറ്റ്സ്
സ്റ്റോക്ക് ഫയൽ